Draft #2 of File 15639/F O SECTION 5/2020/FO's Sec Approved by ASSISTANT REGISTRAR II (ADMIN) on 23-Dec-2020 08:14 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാലയിൽ കരാർ / താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിതരാവുന്നവരുടെ വേതനത്തിൽനിന്നും TDS പിടിക്കുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ- 12/10/2020 -ലെ ഉത്തരവ് ഭേദഗതി ചെയ്തു പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 6007/AD A 5/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 24.12.2020

---

*പരാമർശം:*-സർവ്വകലാശാലാ ഉത്തരവ് നമ്പർ 4652/ AD .A5/ 2020 എം ജി യു തീയതി 12.10.2020

**<u>ഉത്തരവ്</u>**

മേൽ പരാമർശം പ്രകാരം 2020 സെപ്റ്റംബർ മാസം മുതൽ 30000/-രൂപക്ക് മുകളിൽ ഒരു സാമ്പത്തിക വർഷം വേതനം ലഭിക്കുന്ന സർവകലാശാലയിലെ ഗസ്റ്റ്/ വിസിറ്റിംഗ് ഫാക്കൽറ്റികൾ, കരാർ ജീവനക്കാർ എന്നിവരുടെ ധനകാര്യ വിഭാഗത്തിൽനിന്നും ലഭിക്കുന്ന ബില്ലുകളിൽ നിന്നും 31.03.2021 വരെ 7.5% നിരക്കിൽ ഇൻകം ടാക്സ് ആക്ട് 1961 ലെ സെക്ഷൻ 194 J പ്രകാരം ആദായ നികുതി (TDS) പിടിക്കണമെന്ന് ഉത്തരവായിരുന്നു. അത്തരത്തിൽ TDS പിടിക്കുമ്പോൾ പാലിക്കേണ്ട ചില മാർഗനിർദേശങ്ങൾ ഫിനാൻസ് ഓഫീസർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ആയത് പരിഗണിച്ച് സർവ്വകലാശാലയിലെ ഗസ്റ്റ്/വിസിറ്റിംഗ് അധ്യാപകർ, മറ്റ് കരാർ ജീവനക്കാർ എന്നിവരുടെ ശമ്പള ബില്ലുകളിൽ നിന്നും മേൽ പരാമർശ ഉത്തരവ് പ്രകാരം TDS പിടിക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

- സെക്ഷൻ 194 C -Payment to contract/subcontract- 1% (കോവിഡിന്റെ പശ്ചാത്തലത്തിൽ 31.03.2021 വരെ 0.75 % പിടിച്ചാൽ മതിയാകും ) സാധുവായ കോൺട്രാക്ടിന്റെ അടിസ്ഥാനത്തിൽ നിയമനം ലഭിച്ച ജീവനക്കാരുടെ വേതനത്തിൽ നിന്ന് ഈ സെക്ഷൻ പ്രകാരമുള്ള TDS പിടിക്കേണ്ടതാണ്.
- സെക്ഷൻ 194 J - Fees for professional or technical services

i) Fee for technical services - 2% (കോവിഡിന്റെ പശ്ചാത്തലത്തിൽ 31.03.2021 വരെ 1.5 % പിടിച്ചാൽ മതിയാവും )

ii ) Fee for professional services - 10% (കോവിഡിന്റെ പശ്ചാത്തലത്തിൽ 31.03.2021 വരെ 7.5% പിടിച്ചാൽ മതിയാവും )

സർവകലാശാലയിൽ ഭാവിയിൽ താത്കാലിക/ കരാർ ജീവനക്കാരെ നിയമിക്കുമ്പോൾ നിയമന ഉത്തരവിൽ TDS മുകളിൽ പരാമർശിച്ചിരിക്കുന്നതിൽ ബാധകമായ സെക്ഷൻ പ്രകാരം പിടിക്കുന്നതാണ് എന്ന വിവരം ചേർക്കേണ്ടതാണ്. സർവ്വകലാശാലയിലെ

ബന്ധപ്പെട്ട സെക്ഷനുകൾ മേൽ മാർഗ്ഗനിർദ്ദേശങ്ങൾ യഥാവിധി പാലിക്കേണ്ടതാണ്.

മേൽ പരാമർശത്തിലെ ഉത്തരവിൽ മുകളിൽ പറഞ്ഞിട്ടുള്ള മാർഗ നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തി പുറപ്പെടുവിക്കുന്നു.

രമേശൻ പി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പി. എസ്.
2. പ്രൊ വൈസ് ചാൻസലറുടെ പി. എസ്.
3. രജിസ്ട്രാറുടെ പി. എ.
4. ഫിനാൻസ് പഫിസറുടെ പി. എ.
5. ജോയിന്റ് ഡയറക്ടർ, കെ' എസ്. എ.
6. ജെ ആർ/ ഡി ആർ /എ ആർ (ഭരണം )
7. ജെ ആർ / ഡി ആർ /എ ആർ (ഫിനാൻസ് )
8. എ ഡി എ I / II / III / IV/ V/IX/X സെക്ഷനുകൾ.
9.ഓഡിറ്റ് / ഫിനാൻസ് / ജനറൽ ക്യാഷ് /എ ഡി ഡി
10. CITAD/ കോൺടെന്റ് മാനേജ്മന്റ് സെക്ഷൻ / റെക്കോർഡ്സ്
11. എല്ലാ വകുപ്പ് മേധാവികൾക്കും
12. കരുതൽ ഫയൽ

Draft #2 of File 15639/F O SECTION 5/2020/FO's Sec Approved by ASSISTANT REGISTRAR II (ADMIN) on 23-Dec-2020 08:14 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം